നെയ്ത്ത് സഹകരണ സംഘങ്ങൾക്കുള്ള റിബേറ്റ് കുടിശ്ശിക

231 (3385) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിൽ എത്ര നെയ്ത്ത് സഹകരണ സംഘങ്ങളാണ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

കാസർഗോഡ് ജില്ലയിൽ ചുവടെ ചേർക്കുന്ന 7 കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നു.

1. കാസർഗോഡ് - എൽ .381
2. കാളിനാട്-എംഎ-10
3. തൃക്കരിപ്പൂർ-സി36
4. നീലേശ്വരം നമ്പർ 10577
5. മാണിയാട്ട് - സി-18
6. രാംനഗർ-സി.8
7. പേരൂഴ-എൽ.382

കൈത്തറി മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം

232 (3386) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൈത്തറി മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് പഠനങ്ങൾ നടത്തിയിട്ടുണ്ടോ; എങ്കിൽ എന്തൊക്കെയാണ് പ്രധാന കണ്ടെത്തലുകൾ എന്ന് വിശദമാക്കുമോ;

(ബി) വ്യാജ കൈത്തറി വസ്ത്രത്തിന്റെ കടന്നുകയറ്റം ഈ പരമ്പരാഗത തൊഴിൽ മേഖലയെ പ്രതിസന്ധിയിലാക്കുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അന്യ സംസ്ഥാനത്തു നിന്നും മറ്റും യന്ത്രത്തറികളിൽ നിർമ്മിച്ചതും ഗുണനിലവാരം കുറഞ്ഞതുമായ ഉത്പന്നങ്ങൾ കൈത്തറിയാണെന്ന വ്യാജേന വിൽപ്പന നടത്തുന്നത് കണ്ടെത്തുന്നതിനും തടയുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly